പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം – വി.എച്ച്.എസ്.ഇ
ജഗതി, തിരുവനന്തപുരം- 695014
ഫോൺ:- 0471-2325323
e-mail: dirvhse.dge@kerala.gov.in

നമ്പർ: VHSE/395/2025-C4 തീയതി, 10/02/2025

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- വി.എച്ച്.എസ്.ഇ- കരിക്കുലം – 2025-26 വർഷത്തേക്കുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇൻഡന്റിങ് ആരംഭിക്കുന്നത് - സംബന്ധിച്ച്

2025-26 വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഓൺലൈൺ ഇൻഡന്റിംഗ് 10.02.2025 ന് 2 മണി മുതൽ 17.02.2025 ന് വൈകിട്ട് 5 മണി വരെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും ചെയ്യാവുന്നതാണ്.

http://hse.kite.kerala.gov.in എന്ന സൈറ്റിലാണ് ഇൻഡന്റ് രേഖപ്പെടുത്തേണ്ടത്. ഇൻഡന്റിങ് ചെയ്യുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുക

## നിർദ്ദേശങ്ങൾ

- VHSE Text Book Indenting ചെയ്യുന്നതിനായി VHSCAP സൈറ്റിൽ ലോഗിൻ ചെയ്യുന്നതിനുള്ള Username ഉം Password ഉം ആണ് ഉപയോഗിക്കേണ്ടത്.
- Text Book Indenting Monitoring System പേജിൽ വലതുവശത്തായുള്ള ലോഗിൻ ബട്ടണിൽ ക്ലിക്ക് ചെയ്ത് Username ഉം Password ഉം നൽകി ലോഗിൻ ചെയ്യേണ്ടത്.
- തുടർന്ന് Captcha ടൈപ്പ് ചെയ്യുക. VHSCAP Login എന്നതിൽ ക്ലിക്ക് ചെയ്യുക. District സെലക്ട് ചെയ്ത് Login ൽ ക്ലിക്ക് ചെയ്യുക.
- തുറന്നുവരുന്ന പേജിൽ ഇടതുവശത്തായി School Entry എന്നതിൽ ക്ലിക്ക് ചെയ്ത് School Profile ൽ ആവശ്യമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവ വരുത്തിയ ശേഷം save ചെയ്യുക

  **Profile Confirm ചെയ്തതിനുശേഷം മാത്രമേ Text Book Indenting സാധ്യമാകുകയുള്ളൂ.**
- School Profile Confirm ചെയ്ത ശേഷം വരുന്ന പേജിൽ താഴെയായി GO to Indenting Page എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുകയോ അല്ലെങ്കിൽ ഇടത് വശത്തായുള്ള VHSE Indeting എന്നതിൽ ക്ലിക്ക് ചെയ്തോ ഇന്റന്റിങ് ചെയ്ത് തുടങ്ങാവുന്നതാണ്.
- തുറന്നുവരുന്ന പേജിൽ Book Title ൽ English സെലക്ട് ചെയ്ത്, Standard ൽ ഏത് ക്ലാസിലെ ടെക്സ്റ്റ് ബുക്ക് ആണ് എന്നും നൽകി Submit ചെയ്ത ശേഷം

താഴെയായി ടെക്സ്റ്റ് ബുക്കുകൾ കാണിക്കുന്നതിൽ എണ്ണവും നൽകി Save ചെയ്യുക.

- പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലേക്കുള്ള പുസ്തകങ്ങളുടെ എണ്ണം മുഴുവനായും നൽകി സേവ് ചെയ്തു എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം Confirm ചെയ്യുക.
- കൂടാതെ 0471-2325323 എന്ന Contact Number ഉം dirvhse.dge@kerala.gov.in എന്ന മെയിൽ ഐഡിയും സംശയനിവാരണത്തിനായി ഉപയോഗിക്കാവുന്നതാണ്.
- എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾക്ക് 2025-26 അധ്യയന വർഷത്തേക്ക് സർക്കാർ അംഗീകരിച്ചിരിക്കുന്ന വിലയാണ് നൽകിയിട്ടുള്ളത്.എന്നാൽ എൻ.സി.ഇ.ആർ.ടി യുടെ പുസ്തകങ്ങൾ അതേപടി സ്വീകരിക്കുന്നവയിൽ കഴിഞ്ഞ വർഷത്തെ വിലയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ വർഷം വില വ്യത്യാസം ഉള്ളതായി എൻ.സി.ആർ.ടി അറിയിച്ചാൽ പുസ്തകം വാങ്ങുമ്പോൾ അതിനനുസരിച്ചുള്ള തുക നൽകേണ്ടി വരുന്നതാണ്.
- ഓർഡർ ചെയ്യുന്ന പുസ്തകങ്ങൾ സി-ആപ്റ്റിൽ നിന്നും കൈപ്പറ്റുന്നതിനും അതിനനുസരിച്ച് തുക സി-ആപ്റ്റിനു നൽകുന്നതിനും പ്രിൻസിപ്പൽമാർക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കും.
- 2024-25 വരെയുള്ള കുടിശ്ശിക അടിയന്തിരമായി അടച്ചുതീർക്കേണ്ടതാണെന്ന കാര്യം അറിയിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്രയും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടത് പ്രിൻസിപ്പലിന്റെ ചുമതലയാമെന്നതിനാൽ കൃത്യസമയത്ത് തന്നെ ഇന്റന്റിങ് പൂർത്തിയാക്കണമെന്ന് അറിയിക്കുന്നു.

Sd/-

**ഡെപ്യൂട്ടി ഡയറക്ടർ ജനറൽ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**